/116532/2023

**DWCD/4939/2023-NCPO1**

വനിതാ ശിശു വികസന വകുപ്പ്
നിർഭയ സെൽ
ബേക്കറി ജംഗ്ഷൻ
ചെമ്പക നഗർ ഹൗസ് നം 40
ph no: 0471 2331059
email: nirbhayacell@gmail.com
തീയതി: 19-09-2023

**താല്പര്യപത്രം ക്ഷണിക്കുന്നു.**

കേരളത്തിൽ കുട്ടികൾക്ക് നേരെ വർധിച്ചു വരുന്ന ലൈംഗികാതിക്രമങ്ങൾ ചെറുക്കുന്നതിലേക്കായി പൊതുഇടങ്ങളിലും സ്വകാര്യഇടങ്ങളിലും പ്രദർശിപ്പിക്കുന്നതിലേക്ക് പോക്സോ റൂൾസ് 2020ലെ 3(2) പ്രകാരം 2 മിനിറ്റ് /2 മിനിറ്റിൽ താഴെ ദൈർഘ്യമുള്ള ഹ്രസ്വചിത്ര നിർമ്മാണത്തിനായി അംഗീകൃത എംപാനൽഡ് അജൻസികളിൽ നിന്നും താല്പര്യപത്രം ക്ഷണിക്കുന്നു. പ്രസ്തുത ഹ്രസ്വചിത്രത്തിൽ കുട്ടികളുടെ സുരക്ഷിതത്വത്തിൽ അവർ സ്വയം മനസ്സിലാക്കേണ്ട കാര്യങ്ങൾ, അതിക്രമങ്ങളുണ്ടായാൽ അവ നേരിടേണ്ട മാർഗ്ഗങ്ങൾ, റിപ്പോർട്ടിങ് സംവിധാനങ്ങൾ, രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ,തുടങ്ങി കുട്ടികളും പൊതുസമൂഹവും പ്രസ്തുത വിഷയത്തിന്മേൽ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെല്ലാം ഉൾപ്പെടുത്തി വ്യക്തമായ സ്ക്രിപ്റ്റോടെ പൊതുജനത്തെ ആകർഷിക്കുന്ന തരത്തിലായിരിക്കണം നിർമ്മിക്കേണ്ടത്. സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

1. ഏജൻസിയെ സംബന്ധിക്കുന്ന വിവരങ്ങൾ
2. ഡോക്യുമെന്റേഷൻ ചെയ്യുന്ന വിധം
3. പ്രതീക്ഷിക്കുന്ന തുക (ചെലവ് വിവരങ്ങൾ ഉൾപ്പെടെ)
4. ഏജൻസിയുടെ കഴിഞ്ഞ മൂന്നു വർഷത്തെ ഓഡിറ്റ് സ്റ്റേറ്റ്മെന്റ്

അപേക്ഷകൾ 10-/10/2023 ന വൈകുന്നേരം 5 മണിക്ക് മുൻപ് സ്റ്റേറ്റ് കോഓർഡിനേറ്റർ, നിർഭയ സെൽ, WCD.. എന്ന മേൽ വിലാസത്തിലോ nirbhayacell@gmail.com എന്ന ഇമെയിൽ വിലാസത്തിലോ സമർപ്പിക്കേണ്ടതാണ്.

DIRECTOR
വനിതാ ശിശു വികസന വകുപ്പ്

Signed by Priyanka G
Date: 19-09-2023 16:46:56